(ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 2001 മുതൽ കുടിശ്ശികയായിരുന്ന അതിവർഷാനുകൂല്യം കൊടുത്തു തീർക്കുന്നതിനായി ബോർഡിന്റെ ശിപാർശ പരിഗണിച്ച് 31-10-2009 ലെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 149/2009/ തൊഴിൽ പ്രകാരം ബോർഡിന് 114.9 കോടി രൂപ പ്രത്യേക ധനസഹായം അനുവദിച്ചിരുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നതിന് ബോർഡ് സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ഭൂവുടമകളിൽനിന്നും ലഭിക്കേണ്ട അംശദായം കൃത്യമായി പിരിച്ചെടുക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് റവന്യു വകുപ്പ് മുഖാന്തിരം നൽകിയിട്ടുണ്ട്. 1974 ലെ കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് നിയമം വകുപ്പ് 9(1) പ്രകാരവും കേരള അഗ്രികൾച്ചറൽ വെൽഫെയർ ഫണ്ട് സ്കീമിലെ ചട്ടം 26(5) പ്രകാരവും കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുത്ത് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നുണ്ട്.

പറമ്പിക്കുളം ആളിയാർ കരാർ

8 (*368) ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആളിയാർ കരാർ പുതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കരാർ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരാർ പുനഃപരിശോധിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) ഭാരതപ്പുഴ വറ്റിവരളുന്നതിനും ചാലക്കുടിപ്പുഴയുടെ ചില ഭാഗങ്ങൾ വരളുന്നതിനും പറമ്പിക്കുളം ആളിയാർ പദ്ധതി കാരണമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ വേണ്ടി എന്തൊക്കെ കാര്യങ്ങൾ സമയബന്ധിതമായി ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കരാർ പുതുക്കാൻ പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ കരാറിലെ ഖണ്ഡിക(സി) യിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാർ പുനരവലോകനം ചെയ്യാവുന്നതാണ്.

(ബി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി കേരളവും തമിഴ്നാടും തമ്മിൽ നിരവധി ചർച്ചകൾ നടന്നുവെങ്കിലും സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ ജലം പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ പരസ്പര ധാരണയിൽ എത്തിച്ചേരാൻ കഴിയാത്തതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. എങ്കിലും ഇതിനായുള്ള പരിശ്രമങ്ങൾ തുടരുന്നുണ്ട്. ഇതിനായി കൂടുതൽ ചർച്ചകളും ആവശ്യമാണ്.

(സി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരമുള്ള ജലം മണക്കടവ് വിയറിലും കേരള ഷോളയാറിലും ലഭിക്കാത്ത വർഷങ്ങളിൽ യഥാക്രമം ചിറ്റൂർപുഴ പദ്ധതി പ്രദേശത്തും ചാലക്കുടിപ്പുഴ പ്രദേശത്തും ജലദൗർലഭ്യവും വരൾച്ചയും അനുഭവപ്പെടാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു. ആർ.ബി. യുടെ)യോഗങ്ങളിൽ ശക്തമായ വാദങ്ങളുയർത്തി നേടിയെടുക്കാറുണ്ട്. കൂടാതെ സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകളിലൂടെയും അർഹതപ്പെട്ട ജലവിഹിതം നേടിയെടുത്തുവരുന്നു. എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്നും ലഭിച്ചിട്ടില്ല.

തമിഴ്നാടിന്റെ പറമ്പിക്കുളം, ആളിയാർ പദ്ധതി കരാർ വ്യവസ്ഥാ ലംഘനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കേരള സർക്കാർ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ കരാർ ലംഘനങ്ങൾക്കെതിരെ നിയമനടപടികളുമായി മുന്നോട്ടുപോകാനാണ് പൊതുവേ ധാരണയായത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേരളത്തിന്റെ അന്തർ സംസ്ഥാന ജല ഉപദേശക കമ്മിറ്റി അംഗങ്ങളുമായും മുല്ലപ്പെരിയാർ കേസിൽ കേരളത്തിനുവേണ്ടി ബഹു. സുപ്രീംകോടതിയിൽ കേസ് വാദിക്കാൻ നിയോഗിച്ചിരുന്ന മുതിർന്ന അഭിഭാഷകരുമായും കൂടിയാലോചിച്ചശേഷം 16-4-2013-ന് തമിഴ്നാടിനെതിരായി ബഹു. സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്യുകയുണ്ടായി. കേസിന്റെ തുടർനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമേ കേരളത്തിന്റെ താത്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ കരാർ പുനരവലോകന ചർച്ചകൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയുടെ അദാലത്തുകൾ

9 (*369) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തലത്തിലാണ് പ്രസ്തുത അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പരാതികൾ സമർപ്പിക്കുന്നതിനും അതിന് പരിഹാരം കാണുന്നതിനും എന്തെല്ലാം സംവിധാനമാണ് പ്രസ്തുത അദാലത്തുകളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള വാട്ടർ അതോറിറ്റി ഡിസംബർ-ജനുവരി മാസങ്ങളിലായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാതലത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്.

(സി) ഉപഭോക്താക്കൾ അവരുടെ കണക്ഷൻ ഉൾപ്പെടുന്ന ഓഫീസിലാണ് പരാതികൾ സമർപ്പിക്കേണ്ടത്. നിശ്ചിത തീയതിക്കകം കിട്ടുന്ന പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി അദാലത്ത് ദിവസം അദാലത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതും ഈ അദാലത്തുകളിൽ ഉപഭോക്താക്കളുമായി ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് നാളുകളായി പരിഹാരം കാണാതെ

LIBRARY ARCHIVES Kerala Legislative Assembly